**കണ്ണൂർ സർവ്വകലാശാല**

**(ഡി ഒ എ )**

DOA/A2/2526/UG ADMISSION/2025-26 തീയതി: 27.06.2025

**<u>പ്രസിദ്ധീകരണത്തിന്</u>**

**<u>രണ്ടാം അല്ലോട്ട്മെന്റിന് ശേഷം പ്രവേശനം നേടുന്നവർ</u>**

ഹയർ ഓപ്ഷൻ നിലനിർത്തുന്നവർ ഇപ്പോൾ അലോട്ട്മെൻറ് ലഭിച്ച കോളേജിൽ/പഠനവകുപ്പിൽ താത്ക്കാലിക പ്രവേശനം നേടേണ്ടതാണ്. ഇതിനായി അവർ സർട്ടിഫിക്കറ്റുകളെല്ലാം ഇപ്പോൾ അലോട്ട്മെൻറ് ലഭിച്ച കോളേജിൽ/ പഠനവകുപ്പിൽ ഹാജരാക്കി പ്രവേശനം ഉറപ്പുവരുത്തേണ്ടതാണ്. ഇത്തരം വിദ്യാർത്ഥികൾ മറ്റു ഫീസുകൾ കോളേജിൽ അടക്കേണ്ടതില്ല. അടുത്ത അലോട്ട്മെൻറുകളിൽ ഈ വിദ്യാർത്ഥികൾക്ക് ഹയർ ഓപ്ഷൻ ലഭിക്കുകയാണെങ്കിൽ പുതുതായി അലോട്ട്മെൻറ് ലഭിച്ച കോളേജിൽ പ്രവേശനം നേടേണ്ടതാണ്. അല്ലാത്തപക്ഷം അഡ്മിഷൻ പ്രക്രിയയിൽ നിന്നും പുറത്താകുന്നതാണ്.

താത്ക്കാലിക പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജുകൾ പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. ഹയർ ഓപ്ഷൻ നിലവിലില്ലാത്ത എല്ലാ വിദ്യാർത്ഥികളും മുഴുവൻ ഫീസ് അടച്ച് അലോട്ട്മെൻറ് ലഭിച്ച കോളേജിൽ അലോട്ട്മെൻറ് മെമ്മോ പ്രകാരമുള്ള തീയതികളിൽ സ്ഥിരം പ്രവേശനം നേടേണ്ടതാണ്

കോളേജുകളിൽ സ്ഥിരപ്രവേശനം നേടുന്നവർ ഹയർ ഓപ്ഷൻ റദ്ദ് ചെയ്തു എന്ന് ഉറപ്പു വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം അടുത്ത അലോട്ട്മെൻറുകളിൽ ഹയർ ഓപ്ഷൻ ലഭിക്കുകയാണെങ്കിൽ പുതുതായി അലോട്ട്മെൻറ് ലഭിച്ച കോളേജിൽ പ്രവേശനം നേടേണ്ടി വരുന്നതാണ്.

**<u>കോളേജിൽ/പഠനവകുപ്പിൽ പ്രവേശനം നേടാത്തവർക്ക് ഓപ്ഷനുകൾ മാറ്റുന്നതിന് അവസരം</u>**

2025 - 26 അധ്യയന വർഷത്തിൽ കണ്ണൂർ സർവകലാശാലയ്ക്ക് കീഴിൽ FYUGP / FYIMP പ്രവേശനത്തിനായി നൽകിയ അപേക്ഷയിലെ ഓപ്ഷനുകൾ മാറ്റുന്നതിന് 01.07.2025 മുതൽ 05.07.2025 വരെ അവസരമുണ്ട്. അപേക്ഷകർ തങ്ങളുടെ പ്രൊഫൈൽ ലോഗിൻ ചെയ്തു 200/- രൂപ കറക്ഷൻ ഫീ ഇനത്തിൽ ഒടുക്കിയതിനു ശേഷം ഓപ്ഷൻസ് അപേക്ഷകർക്ക് തന്നെ മാറ്റാവുന്നതാണ്. കോളേജിൽ പ്രവേശനം നേടിയവർക്ക് പ്രസ്തുത അവസരത്തിൽ ഓപ്ഷനുകൾ മാറ്റുവാൻ സാധിക്കുന്നതല്ല. പ്രസ്തുത അപേക്ഷകർക്ക് സ്പോട്ട് അഡ്മിഷന് പങ്കെടുക്കുന്നതിന് വേണ്ടി ഓപ്ഷനുകൾ മാറ്റുവാൻ അവസരം നൽകുന്നതാണ്.

**<u>ഇതുവരെ ബിരുദ പ്രവേശനത്തിനായി അപേക്ഷ സമർപ്പിക്കാത്തവർക്ക് പ്രസ്തുത അപേക്ഷ സമർപ്പിക്കുവാൻ അവസരം</u>**

FYUGP / FYIMP പ്രവേശനത്തിനായി ഇതുവരെ അപേക്ഷ സമർപ്പിക്കാത്തവർക്ക് 01.07.2025

മുതൽ 05.07.2025 വരെ ഓൺലൈനായി അപേക്ഷ സമർപ്പിക്കുവാൻ അവസരമുണ്ട്.

ഒപ്പ്/-

ഡയറക്ടർ ഡയറക്ടറേറ്റ് ഓഫ്

അഡ്മിഷൻ

പരീക്ഷ കൺട്രോളർക്ക് വേണ്ടി

സ്വീകർത്താവ്:

പി ആർ ഓ

ഐ ടി സെന്റർ

അന്വേഷണ വിഭാഗം

വിതരണാനുമതിയോടെ

സെക്ഷൻ ഓഫീസർ